(എ) ചേലാമുറി—കോട്ടായ് റോഡിന്റെ പുട്ടൂർ—കോട്ടായ് ഭാഗത്തെ പണിയുടെ പുരോഗതി എന്തെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പണിക്ക് ഇക്കൊല്ലം എത്ര സംഖ്യയാണ് വകയിരുത്തിയിട്ടുള്ളത്;

(സി) എത്ര സംഖ്യ ഇതിനകം ചിലവായെന്ന് വ്യക്തമാക്കുമോ;

(ഡി) പണി എന്നേയ്ക്കു പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്?

ഉത്തരം

(എ) പണി ആരംഭിച്ചിട്ടില്ല.

(ബി) 50,000 രൂപാ.

(സി) ഒന്നും ചെലവായിട്ടില്ല.

(ഡി) ഈ റോഡുപണി ആരംഭിക്കാനിരിക്കുന്നതേയുള്ളൂ. ആ സ്ഥിതിയ്ക്ക് പണി എന്നു പൂർത്തിയാകുമെന്നു പറയാൻ നിർവ്വാഹമില്ല.

വടക്കഞ്ചേരി—കിഴക്കഞ്ചേരി റോഡ്

724 [1057] ശ്രീ. എം. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്ട്സും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കഞ്ചേരി—കിഴക്കഞ്ചേരി റോഡ് ഗവൺമെന്റ് ഏറെടുക്കൽ പൂർത്തിയായോ;

(ബി) ആയെങ്കിൽ എന്നാണെന്നും ഇനിയും എത്ര ദൂരം ഏറെടുക്കാനുണ്ടെന്നും വ്യക്തമാക്കുമോ;

(സി) എന്നേയ്ക്കു ബാക്കി ദൂരം കൂടി ഏറെടുക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആദ്യത്തെ 3 കി. മീ. ദൂരം ഏറെടുത്തു.

(ബി) 14.2.1977-ൽ ഈ റോഡിന്റെ 3 കി. മീ. ദൂരം പൊതുമരാമത്തു വകുപ്പ് ഏറെടുത്ത് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനെ തുടർന്ന് ബാക്കിയുള്ള 2.30 കി. മീ. ദൂരം റോഡു കൂടി ഏറെടുക്കണമെന്നുള്ള ആവശ്യം ഉയർന്നു വന്നിട്ടുണ്ട്.

(സി) ഇക്കാര്യം പരിശോധിച്ചു വരുന്നതേയുള്ളൂ. അതുകൊണ്ട് എന്നത്തേയ്ക്കു ഏറെടുക്കാൻ കഴിയുമെന്ന് കൃത്യമായി പറയാൻ നിർവ്വാഹമില്ല.

LIBRARY ARCHIVES Kerala Legislative Assembly